**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1475** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഉടുമ്പൻചോല മണ്ഡലത്തിലെ പ്രഥമാധ്യാപകർ ഇല്ലാത്ത സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഉടുമ്പൻചോല മണ്ഡലത്തിൽ പ്രഥമാധ്യാപകർ ഇല്ലാത്ത സർക്കാർ ഹൈസ്കൂളുകളുടെ എണ്ണം അറിയിക്കാമോ; | (എ) | ഉടുമ്പൻചോല മണ്ഡലത്തിൽ പ്രഥമാധ്യാപകർ ഇല്ലാത്ത 3സർക്കാർ ഹൈസ്കൂളുകൾ ഉണ്ട്. |
| (ബി) | ഡി.ഇ.ഒ. യുടെ പി.എ. ഇല്ലാത്തതിനാൽ പ്രസ്തുത സ്കൂളുകളിലെ അധ്യാപകർക്കും മറ്റ് ജീവനക്കാർക്കും യഥാസമയം ശമ്പളം മാറി നൽകാൻ കഴിയാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡി.ഡി.ഒ. ആയ പി.എ ടു ഡി.ഇ.ഒ മേയ് മാസം 31 ന് വിരമിച്ചതിനാൽ ജി.എച്ച്.എസ് ഇരട്ടയാർ നാലുമുക്ക് സ്കൂളിലെ അധ്യാപകർക്കും അനധ്യാപകർക്കും മെയ്മാസത്തെ ശമ്പളം നൽകുവാൻ കഴിഞ്ഞിട്ടില്ല. |
| (സി) | ഇത്തരം സാഹചര്യങ്ങളിൽ യഥാസമയം ശമ്പളം മാറി നൽകുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (സി) | കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പൂർണ്ണ അധിക ചുമതല നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ